പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 984

12.6.2014 ലെ മറുപടിക്ക്

പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

ചോദ്യം
ശ്രീ.എ.കെ.ബാലൻ

ഉത്തരം
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകളിൽ ഏതു വർഷം വരെ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ നിലവിലുള്ളത് ; സംസ്ഥാനത്ത് നിലവിൽ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | 1997 വരെയുള്ള അദ്ധ്യാപകർക്കാണ് പ്രൊട്ടക്ഷൻ നിലവിലുള്ളത്. 2011 ലെ കണക്കനുസരിച്ച് 2939 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് സ.ഉ.199/11/പൊവിവ യുടെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്) |
| (ബി) | പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ ശമ്പളം, നിയമനം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ശമ്പളം, നിയമനം എന്നിവയുടെ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ള ജി.ഒ(എം.എസ്) 104/69/പൊവിവ നമ്പർ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. നിലവിൽ ജി.ഒ(പി) 199/11/പൊവിവ പ്രകാരം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെല്ലാം അദ്ധ്യാപകബാങ്കിന്റെ ഭാഗമായിട്ടുണ്ട്. |
| (സി) | ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്ന അദ്ധ്യാപകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ ശമ്പളം , നിയമനം എന്നിവ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; | (സി) യും (ഡി) യും | 1.10.2011 ലെ സ.ഉ.(പി) 199/11/പൊവിവ ഉത്തരവുപ്രകാരവും 29.11.2013 ലെ സ.ഉ.313/13/പൊവിവ പ്രകാരവും അധികമാകുന്ന അദ്ധ്യാപകരുടേയും ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്ന അദ്ധ്യാപകരെയും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രൊട്ടക്ടഡ് അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തുമോ ; പ്രൊട്ടക്ടഡ് അദ്ധ്യാപകരെയും ടീച്ചേഴ്സ് ബാങ്കിലെ അദ്ധ്യാപകരെയും പരിഗണിക്കുന്നത് ഒരേ പോലെയാണോയെന്ന് വ്യക്തമാക്കുമോ ; | | |
| (ഇ) | ടീച്ചേഴ്സ് ബാങ്കിൽ നിലവിൽ എത്ര അദ്ധ്യാപകരാണ് ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ഇ) | വിവരം ശേഖരിച്ചുവരുന്നു |
| (എഫ്) | പ്രൊട്ടക്ടഡ് അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് നിലവിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എഫ്) ഉം (ജി) ഉം | ദേശീയവിദ്യാഭ്യാസഅവകാശനിയമ പ്രകാരം സ്കൂൾ തലത്തിൽ എൽ.പി.യിൽ ( 1 : 30 ) ഉം യു.പി.യിൽ (1 : 35 ) ഉം ആണ് അദ്ധ്യാപകവിദ്യാർത്ഥി അനുപാതം. ആയത് 3.5.2013 ലെ സ.ഉ 154/13/പൊവിവ പ്രകാരവും 29.11.2013 ലെ 313/13/പൊവിവ പ്രകാരവും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. |
| (ജി) | ദേശീയവിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എത്രയാണ് ; ആയത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്